# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.134 | 06.03.2020-ൽ മറുപടിയ്ക്ക് |
|---|---|
| മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിന് നടപടി | |
| ചോദ്യം | മറുപടി |
| ശ്രീ.ബി.സത്യൻ<br>,, പി. ഉണ്ണി<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ.വി. കെ. സി. മമ്മത് കോയ | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) ഓരോ കാലവർഷ സമയത്തും കൊതുക്, എലി, മറ്റു ജന്തുക്കൾ എന്നിവ പരത്തുന്ന വൈറസ് രോഗങ്ങൾ വ്യാപകമാകുന്നത് കണക്കിലെടുത്ത് ജൈവ-അജൈവ മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടലുകൾ ഉണ്ടാകുമോ; | (എ) മഴക്കാലത്ത് വ്യാപകമാകുന്ന പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുൾപ്പെടെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിച്ച് ശേഖരിച്ച് സാധ്യമായവയെ പുനഃചംക്രമണത്തിനു കൈമാറുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടി ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, ഉദ്യോഗസ്ഥ വിഭാഗത്തെ ശാക്തീകരിക്കുന്നതിനും, പൊതുജനങ്ങളിൽ പകർച്ചവ്യാധി പ്രതിരോധം സംബന്ധിച്ച അവബോധം രൂപപ്പെടുത്തുന്നതിനും പരിസര ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലേക്കുമായി "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം" എന്ന പേരിൽ കർമ്മ പദ്ധതി തയാറാക്കി 05/02/2020-ലെ 46/ഡി.സി1/2020/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ആയത് സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് "ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെയും ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ, കുടുംബശ്രീ തുടങ്ങിയവയേയും ഉൾപ്പെടുത്തി ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായിട്ടാണ് പകർച്ച വ്യാധി പ്രതിരോധ യജ്ഞം സംഘടിപ്പിച്ചു വരുന്നത്.<br>ഈ വർഷത്തെ ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 23-ന് ബഹു. മുഖ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല ഉദ്ഘാടനങ്ങളും തുടർപ്രവർത്തനങ്ങളും പ്രവർത്തന കലണ്ടർ പ്രകാരം നടത്തി വരുന്നു. ഇത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വാർഡ്/പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ/ ജില്ല/ സംസ്ഥാന തലങ്ങളിൽ അവലോകന യോഗങ്ങൾ സമയബന്ധിതമായി നടത്തി വരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം, കൊതുകിന്റെ ഉറവിട നശീകരണം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, പകർച്ചവ്യാധി പ്രതിരോധ/നിയന്ത്രണ ബോധവത്ക്കരണം തുടങ്ങിയവ |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനുള്ള പ്രത്യേക ക്യാമ്പയിനുകൾ (യജ്ഞങ്ങൾ) ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഡ്തല ശുചിത്വ പോഷണ സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യ സേനാംഗങ്ങൾ വാർഡ് തലത്തിലും ഗൃഹ/സ്ഥാപന തലത്തിലും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. |
| (ബി) | ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ശുചിത്വ സമിതികൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇവയുടെ പ്രവർത്തന ലക്ഷ്യങ്ങൾ അറിയിക്കാമോ; | (ബി) | ആരോഗ്യ വകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ രൂപീകരിച്ചിട്ടുള്ള വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ നിലവിലുണ്ട്. ഇവയെ ശാക്തീകരിച്ച് ആവശ്യമായ ഫണ്ടും ലഭ്യമാക്കി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇത്തരം സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യ സേനകളെ (ഹെൽത്ത് സ്ക്വാഡ്) നിയോഗിച്ച് ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, രോഗനിരീക്ഷണം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, കൊതുക് നിരീക്ഷണം, കൊതുകിന്റെ ഉറവിട നശീകരണം, രോഗം പരത്തുന്ന മറ്റ് ജീവികളുടെ നിരീക്ഷണം, മാലിന്യ നിർമ്മാർജ്ജനം, ബോധവത്ക്കരണം, പ്രതിരോധ ചികിത്സ തുടങ്ങിയവ നടത്തി വരുന്നു. |
| (സി) | വ്യാപാര സ്ഥാപനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹകരണത്തോടെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനം ജനകീയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ "ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം" പരിപാടി ആരോഗ്യ വകുപ്പിന്റെ "ആർദ്രം ജനകീയ ക്യാമ്പയിൻ", "ആരോഗ്യ ജാഗ്രത" പരിപാടികൾ എന്നിവ മാലിന്യ നിർമ്മാർജ്ജനവും കൊതുക നശീകരണവും വിവിധ വകുപ്പ്/ഏജൻസികളുടെ സഹകരണത്തോടെയും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വ്യാപാരി വ്യവസായി അസോസിയേഷനുകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങി വിവിധ അസോസിയേഷനുകളുടെ യോഗങ്ങൾ നടത്തി അവരുടെ സഹകരണം ഉറപ്പാക്കുകയും ചെയ്യുന്നു. പ്രതിരോധ ക്യാമ്പയിനുകളുടെ ഭാഗമായി വ്യാപാര സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, വീടുകൾ, ഫ്ലാറ്റുകൾ എന്നിവിടങ്ങളിൽ ആരോഗ്യസേനാ പ്രവർത്തകർ സന്ദർശിച്ച് മാലിന്യ നിർമ്മാർജ്ജനത്തെ കുറിച്ചും കൊതുകിന്റെ ഉറവിട നശീകരണത്തെക്കുറിച്ചുമുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. റസിഡൻസ് അസോസിയേഷൻ അംഗങ്ങളും ആരോഗ്യ സേനാംഗങ്ങളായി പ്രവർത്തിച്ചു വരുന്നുണ്ട്. ആരോഗ്യ സംബന്ധമായ ദിന/വാര/മാസ ആചരണങ്ങളിലും ക്യാമ്പയിനുകളിലും ജനപങ്കാളിത്തം ഉറപ്പാക്കുംവിധം വേണ്ട ബോധവൽക്കരണ ക്ലാസുകൾ, റാലികൾ, ശിൽപശാലകൾ/ദൃശ്യ-ശ്രാവ്യ-പത്ര-സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങൾ തുടങ്ങിയവ ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ